# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1027

10.06.2019-ലെ മറുപടി

### കുടിവെള്ളപദ്ധതിയ്ക്ക് കിഫ്ബിയുടെ അംഗീകാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വകുപ്പ് തയ്യാറാക്കിയിട്ടുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 20/03/2019-ലെ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 188.68 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.<br>ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്കായി 200 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടാണ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചത്. ഇത് കിഫ്ബി വിശദമായി പരിശോധിച്ച ശേഷം പദ്ധതിയുടെ ശേഷി 35 ദശലക്ഷം ലിറ്ററിൽ (MLD) നിന്നും 24 ദശലക്ഷം ലിറ്ററായി (MLD) കുറവ് ചെയ്ത് 188.68 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. പദ്ധതിയുടെ ശേഷി, കുറവ് ചെയ്തത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബിക്ക് 09/04/2019-ൽ കത്ത് നൽകിയിട്ടുണ്ട്. ഇതിന്മേൽ തീരുമാനം ആയെങ്കിൽ മാത്രമേ സാങ്കേതിക അനുമതി നല്കുന്നതിനും, ടെണ്ടർ നടപടികൾ തുടങ്ങുന്നതിനും സാധിക്കുകയുള്ളൂ. ഇതു കാരണമാണ് പദ്ധതിയ്ക്ക് കാലതാമസം ഉണ്ടായത്. പുന:പരിശോധന അപേക്ഷയിൽ തീരുമാനം ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക അനുമതി നല്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ